പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ.1229

08.02.2013 ൽ
മറുപടിക്ക്

## ചേലക്കര നിയോജക മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ടുകളുടെ വിശദാംശം

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകൾ ഏതെല്ലാം; | (എ) ചേലക്കര നിയോജക മണ്ഡലത്തിലെ ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകൾ ദേശമംഗലം, കൊണ്ടാഴി, പാഞ്ഞാൾ, വള്ളത്തോൾ നഗർ, തിരുവില്വാമല എന്നിവയാണ്. |
| (ബി) ഈ മേഖലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ 2012 ഡിസംബർ 31 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ സ്വരൂപിച്ച തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) മേൽപ്പറഞ്ഞ മേഖലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ 2012 ഡിസംബർ 31 വരെയുള്ള അഞ്ച് വർഷത്തിനുള്ളിൽ സ്വരൂപിച്ച മൊത്തം തുക 15,77,44,747/- രൂപയാണ്. ഗ്രാമ പഞ്ചായത്ത് തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.<br>1. ദേശമംഗലം - 4,48,74,475/-<br>2. കൊണ്ടാഴി - 2,10,62,195/-<br>3. പാഞ്ഞാൾ - 3,45,90,530/-<br>4. വള്ളത്തോൾ നഗർ - 5,08,74,997/-<br>5. തിരുവില്വാമല - 63,42,550/- |
| (സി) 2011-12, 2012-13 വർഷങ്ങളിൽ ഈ മേഖലകളിൽ നടപ്പിലാക്കുവാൻ ശുപാർശ ചെയ്ത സംരക്ഷണ പ്രവൃത്തികൾ ഏതെല്ലാം; വിശദമാക്കുമോ; | (സി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ഈ മേഖലകളിൽ നടപ്പിലാക്കുവാൻ ജില്ലാ വിദഗ്ധ സമിതി ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ **അനുബന്ധം 1 -ൽ കാണാവുന്നതാണ്.** റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 50,000/- രൂപയിൽ കൂടുതൽ ചെലവ് വരുന്ന പ്രൊപ്പോസലുകൾക്ക് ജില്ലാതല വിദഗ്ധ സമിതി ശുപാർശ ചെയ്തശേഷം സംസ്ഥാന |

ഉന്നതതല സമിതി അംഗീകരിച്ചാൽ മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളു.

2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ചിരുന്ന 2011 മാർച്ച് 18 ലെ 20-ാം നമ്പർ ഓർഡിനൻസ് പ്രകാരമാണ് സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചിരുന്നത്. എന്നാൽ പ്രസ്തുത ഓർഡിനൻസ് 2011 ജൂൺ, ജൂലൈ മാസങ്ങളിൽ ചേർന്ന നിയമസഭാ സമ്മേളനത്തിൽ ബിൽ എടുക്കാതിരുന്നതി
നാൽ 13-07-2011 ൽ ലാപ്സ് ആകുകയുണ്ടായി. ഭേദഗതി ഓർഡിനൻസ് വീണ്ടും 15-01-2013 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ഉന്നതതല സമിതി രൂപീകരണത്തിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സമിതി രൂപീകരിക്കുന്ന മുറയ്ക്ക് ടി പ്രൊപ്പോസലുകൾ സമിതിയുടെ അംഗീകാര ത്തിനായി സമർപ്പിക്കുന്നതാണ്.

| | | |
|---|---|---|
| ഡി) ഈ മേഖലകളിൽ നിന്ന് സ്വരൂപിക്കുന്ന ഫണ്ടിനനുസരിച്ചു ള്ള സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാ കുന്നതായി പരിശോധിച്ചിട്ടുണ്ടോ;<br><br>ഇ) എങ്കിൽ അതിനുള്ള കാരണങ്ങളും അവ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ? | (ഡി) & (ഇ) | മേൽപ്പറഞ്ഞ മേഖലകളിലെ നദീസംരക്ഷണ പ്രവൃത്തികൾക്കായി ഇതുവരെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും ഭരണാനുമതി യ്ക്കായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലുക ളുടെയും അടിസ്ഥാനത്തിൽ ഈ മേഖലകളിൽ നിന്നും സ്വരൂപിക്കുന്ന ഫണ്ടിനനുസരിച്ചുള്ള സംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| Sl No | Name of Work/Details | Details of submission of estimate/revised estimate to Govt |
|---|---|---|
| 1 | Improvements to the Thanjeri Smasanakadavu at Bharathapuzha in Panjal Panchayat | Revised estimate submitted to Govt as perLr.No.B9-65181/10(1) dated 21.3.12 & 19.6.2012 |
| 2 | Improvements to the left bank of Bharathapuzha between Kootilmukku smasanam and Velurkettu in Kondazhy Panchayath | Revised-estimate submitted to Govt as per.Lr.No.B9-65181/10(1)-dated 21.3.12 & 19.6.2012 |
| 3 | Construction of Balitharpana Kadavu and temporary water storage bund including protection works of Ivor Madam Smasanam on the left bank of Bharathapuzha in Thiruvilwamala Panchayath | Proposal submitted to Govt as per Lr.No.B9-65181/10(2)-dated 21.3.2012,21.4.2012, 16.6.2012 & 9.7.2012 |
| 4 | Improvements to the left bank of Bharathapuzha between Pallikkadavu and Thozhupadam in Panjal Grama Panchayat-Reach-I | Proposal submitted to Govt as per Lr.No.B9-3777/2012-dated 16.6.2012 |
| 5 | Improvements to the left bank of Bharathapuzha between Pallikkadavu and Thozhupadam in Panjal Grama Panchayath-Reach-II | Proposal submitted to Govt as per Lr.No.B9-3777/2012-dated 16.6.2012 |
| 6 | Improvements to the left bank of Bharathapuzha at u/s and d/s of Veloor Kadavu in Kondazhy Grama Panchayath | Proposal submitted to Govt as per Lr.No.B9-3777/2012-dated 16.6.2012 |
| 7 | Improvements to the left bank of Bharathapuzha near the existing sub surface dam (Pallam-Mundaya Sub Surface dam) at Pallam in Desamangalam Panchayat in Thrissur District | Proposal submitted to Govt as per Lr.No.B9-3777/2012-dated 16.6.2012 |
| 8 | Construction of check dam with across Bharathapuzha down stream of Cheruthuruthy bridge at Vallathole Nagar Grama Panchayath | Revised-estimate submitted to Govt as per letter No.B9-38642/09-dated 4.9.2012 |